**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5434** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ അസാപ് പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അസാപ് പരിശീലന കേന്ദ്രങ്ങൾ കാസർകോട് ജില്ലയിൽ എവിടെയൊക്കെയാണ് നിലവിൽ പ്രവർത്തിച്ച് വരുന്നതെന്ന് വിശദമാക്കുമോ;ഏതൊക്കെ കോഴ്സുകളാണ് ഇവിടെ ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | 5 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്കും ആണ് കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്നത്. നിലവിൽ സജീവമായി നൈപുണ്യ പരിശീലന പരിപാടികൾ നടക്കുന്നത് ഹോസ്ദുർഗ്, ചെറുവത്തൂർ തുടങ്ങിയ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലും കാസർഗോഡ് ഗവണ്മെന്റ് കോളേജിനോട് അനുബന്ധിച്ച സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിലും ആണ്. ജില്ലയിൽ 2022- 23 അക്കാദമിക വർഷം 482 വിദ്യാർഥികൾ അസാപ് കമ്മ്യൂണിറ്റി സ്കിൽപാർക്ക് വഴിയും 704 വിദ്യാർഥികൾ അസാപ്പിന്റെ മറ്റു പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നേടി.<br><br>നിലവിൽ സർട്ടിഫൈഡ് അക്കൗണ്ടിംഗ് ടെക്നീഷ്യൻ, കമ്മ്യൂണിറ്റി മോബിലൈസർ, ഇന്റീരിയർ ഡിസൈൻ, എൻട്രോൾഡ് ഏജൻറ്, ആർട്ടിസിനൽ ബേക്കറി, ജിഎസ്ടി യൂസിങ് ടാലി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, അഡ്വർടൈസിംഗ് ഡിസൈൻ, ടാലി എസ്സെൻഷ്യൽ കോമ്പ്രിഹൻസിവ്, ബേസിക് പ്രൊഫിഷ്യൻസി ഇൻ ഇംഗ്ലീഷ്, വർക്ക് റെഡിനെസ് പ്രോഗ്രാം എന്നീ കോഴ്സുകൾ ആണ് നടത്തി വരുന്നത്. മേല്പറഞ്ഞവ കൂടാതെ അസാപ് കേരള നടത്തി വരുന്ന മറ്റേതു കോഴ്സുകളും ട്രെയിനിങ് പാർട്ണറുകളുടെയും വിദ്യാർത്ഥികളുടെയും ലഭ്യത അനുസരിച്ച ജില്ലയിൽ നടത്തപ്പെടുന്നതാണ്.<br><br>കാസർകോട് വിദ്യാനഗറിൽ ഉള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ഓപ്പറേറ്റിങ് പാർട്ണർ ലിങ്ക് നടത്തുന്ന മൈക്രോസോഫ്റ്റ് അസൂർ, മൈക്രോസോഫ്റ്റ് 365, ആമസോൺ വെബ് സർവീസ് ഡെവലപ്പർ എന്നീ കോഴ്സുകൾ നടത്തി വരുന്നു. |
| (ബി) | പിന്നാക്ക പ്രദേശമായ മഞ്ചേശ്വരം താലൂക്കിൽ ഉപ്പള, | (ബി) | നിലവിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് |

| | | | |
|---|---|---|---|
| | കുമ്പള, മഞ്ചേശ്വരം എന്നിവിടങ്ങളിൽ അസാപ് പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | | ഹൊസ്ദുർഗ്, ചെറുവത്തൂർ എന്നീ കേന്ദ്രങ്ങളിൽ ആണ്. ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാനഗറിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിലെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ